## പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2689 6.2.2018-ൽ മറുപടിയ്ക്ക്

### <u>കോഴി കർഷകർക്ക് നൽകുന്ന സഹായങ്ങൾ</u>

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. അനിൽ അക്കര**<br>**,, എം. വിൻസെന്റ്** | | **അഡ്വ. കെ. രാജു**<br>**(വനം, മൃഗസംരക്ഷണം ക്ഷീരവികസനം, മൃഗശാല വകുപ്പ് മന്ത്രി)** |
| എ) | 2015-ൽ അംഗീകരിച്ച കാർഷിക വികസന നയത്തിൽ കോഴി വളർത്തലിനെ ഒരു കാർഷികവൃത്തിയായി അംഗീകരിച്ചിട്ടുണ്ടോ; | എ) | 2015 -ലെ കാർഷിക വികസന നയത്തിൽ, ബ്രോയിലർ കൃഷിയെ ഒരു കാർഷിക പ്രവർത്തനമായി കണക്കാക്കി, ഇതിനാവശ്യമായ വൈദ്യുതി, കാർഷിക വൈദ്യുതി നിരക്കിൽ ലഭ്യമാക്കണം എന്ന് നയം 218 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കോഴിവളർത്തലിനെ കാർഷിക വൃത്തിയായി അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |
| ബി) | ഉണ്ടെങ്കിൽ പ്രസ്തുത നയത്തിന്റെ അടിസ്ഥാനത്തിൽ കോഴി കർഷകർക്ക് നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണ്; | ബി) | ബാധകമല്ല |
| സി) | കോഴി കർഷകർക്ക് നികുതി ഇളവ് അനുവദിച്ചിട്ടുണ്ടോ; ഈ മേഖലയിലെ കർഷകർക്ക് സൗജന്യ വൈദ്യുതി അനുവദിക്കുന്നതിന് വൈദ്യുതി റെഗുലേറ്ററി കമ്മീഷനെ സമീപിക്കുമോ? | സി) | നിലവിലെ ജി.എസ്.റ്റി നിയമ പ്രകാരം കോഴികൃഷിക്ക് നികുതിയില്ല. നിലവിൽ കർഷകർക്ക് 5 എ, 5 ബി എന്നിങ്ങനെ വിഭാഗമായിട്ടാണ് വൈദ്യുതി താരിഫ് നിശ്ചയിച്ചിരിക്കുന്നത്. അതിൽ കോഴി കർഷകരെ 5 ബി വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. 5 എ വിഭാഗത്തിന് യൂണിറ്റിന് 2 രൂപ വസൂലാക്കുമ്പോൾ കോഴി കർഷകർക്ക് 2.50 പൈസയാണ് ഈടാക്കുന്നത്. 22.8.2017 -ൽ മൃഗസംരക്ഷണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പ് ഉദ്യോഗസ്ഥരും കോഴി കർഷക പ്രതിനിധികളും ആയി നടത്തിയ യോഗത്തിൽ കോഴി കർഷകർക്കും മറ്റ് കാർഷിക ആവശ്യങ്ങൾക്ക് അനുവദിക്കുന്ന രീതിയിൽ വൈദ്യുതി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് വൈദ്യുതി വകുപ്പ് മന്ത്രിയെയും റെഗുലേറ്ററി കമ്മീഷനെയും സമീപിക്കുവാൻ ധാരണയായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ